മിച്ചഭൂമി കൊടുക്കാൻ നടപടി

226 [391] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനങ്ങൾക്ക് മിച്ചഭൂമി പതിച്ചുകൊടുക്കുന്നതിന് വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രത്യേക നിർദ്ദേശം ഒന്നും ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ കയർ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. വി. കെ. രാജൻ: ഞാൻ കേരളത്തിലെ ലക്ഷക്കണക്കിന് കയർ തൊഴിലാളികളുടെ ഗുരുതരമായ ഒരു പ്രശ്നത്തെ സംബന്ധിച്ച് 9.30 A. M. ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിന് നോട്ടീസ് കൊടുത്തിട്ടുണ്ടായിരുന്നു. വ്യവസായ വകുപ്പുമന്ത്രിയാണ്. അതിന് മറുപടി പറയേണ്ടത്. കൂമർ നാരയണനെപ്പോലെ ചാരപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ഒരു മന്ത്രിയായതുകൊണ്ട് അദ്ദേഹത്തിന്റെ മറുപടി ഞാൻ പ്രതീക്ഷിക്കുന്നില്ല.

(ബഹളം)

(2) ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സ് പൂട്ടിയിട്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ

ശ്രീ. സി. എഫ്. തോമസ്: സർ, ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സ് കഴിഞ്ഞ ഒന്നേകാൽ വർഷമായി പൂട്ടിയിട്ടിരിക്കുകയാണ്. ഞാൻ ഈ നിയമസഭയിൽ ഇതിനുമുമ്പ് രണ്ടുമൂന്നു പ്രാവശ്യം സബ്മിഷനിലൂടെ ഇത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഇപ്പോഴും റൂബി റബ്ബർ വർക്സ് പൂട്ടിയിട്ടിരിക്കുകയാണ്. തൊഴിൽവകുപ്പ് മൂന്നു കോൺഫറൻസുകൾ ഇതിനകം വിളിച്ചുകൂട്ടിക്കഴിഞ്ഞു. പക്ഷേ വളരെ നിഷേധാത്മകനിലപാടാണ് അതിന്റെ മാനേജ്മെൻറ് വഹിക്കുന്ന ഐ. ആർ. ബി. ഐ. (Industrial Reconstruction Bank of India) സ്വീകരിച്ചിരിക്കുന്നത്. അവർ കോൺഫറൻസിൽ പറഞ്ഞത് തൊഴിലാളികളുടെ കുഴപ്പംകൊണ്ടല്ലേ ഇത് ലോക്കൗട്ട് ചെയ്തിരിക്കുന്നത്, ഞങ്ങൾ ഇത് മുന്നോട്ടു കൊണ്ടുപോകാൻ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാല്ല, എന്നാണ്. വളരെയധികം നിഷേധാത്മകമായ നിലപാടാണ് ഇത്. 10 വർഷം മുമ്പാണ് കേരളത്തിലെ ഗവൺമെൻറു കൂടി ഇടപെട്ടുകൊണ്ട് അന്നത്തെ ഐ. ആർ. ബി. ഐ.—യെ ഈ കമ്പനിയുടെ മാനേജ്മെൻറ് ഏൽപ്പിച്ചത്. പക്ഷേ ഈ 10 വർഷംകൊണ്ട് കമ്പനി റീ കൺസ്ട്രക്ഷൻ ചെയ്യാൻ അവർക്ക് സാധിച്ചിട്ടില്ലെന്നു മാത്രമല്ല, രണ്ടേകാൽ കോടി രൂപയുടെ പൊതുമുതൽ അവർ നശിപ്പിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെൻറിൻെറ ഇൻഡസ്ട്രിയൽ റീകൺസ്ട്രക്ഷൻ ബാങ്ക് ഓഫ് ഇൻഡ്യ ഇന്നു രണ്ടേകാൽ കോടി രൂപ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഈ രണ്ടകാൽ കോടി രൂപ നഷ്ടമാക്കിയത് തൊഴിലാളികളുടെ കുറ്റം കൊണ്ടല്ല. ഐ. ആർ. ബി.ഐ. യുടെ ഉദ്യോഗസ്ഥൻമാർ തന്നെയാണ്. അതിനുത്തരവാദികൾ. മുഖ്യമന്ത്രിക്ക് ഇക്കാര്യങ്ങൾ ബോദ്ധ്യമായിട്ടുണ്ട്. അദ്ദേഹം, ഇക്കാര്യങ്ങൾ വളരെ ഗൗരവമായി അന്വേഷിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഇക്കാര്യത്തിൽ വളരെ ആത്മാർത്ഥത കാണിച്ചതിൽ ഞങ്ങൾ വളരെ നന്ദിയുള്ളവരാണ്. രണ്ടേകാൽ കോടി രൂപ ധൂർത്തടിച്ചു നശിപ്പിച്ച മാനേജ്മെൻറ്, ഇപ്പോഴും, അഞ്ഞൂറോളം തൊഴിലാളികുടുംബങ്ങളെ പട്ടിണിയിലാഴ്ത്തിക്കൊണ്ട് റൂബി തുറക്കുകയില്ല എന്ന നിലപാടിൽ ഉറച്ചുനിൽക്കുകയാണ്. റൂബി ലിക്വിഡേറ്റ് ചെയ്യാനുള്ള നടപടിയിലേക്കുകൂടി നീങ്ങിക്കൊണ്ടിരിക്കുന്നു എന്നൊരു പുതിയ അറിവുകൂടി ഇപ്പോൾ കിട്ടിയിരിക്കുകയാണ്. ഈ പ്രശ്നം ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയുടെയും ഗവൺമെൻറിൻേറയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. നമ്മുടെ നാട്ടിൽ പുതിയതായി വ്യവസായം തുടങ്ങാൻ വലിയ വിഷമമാണ്. അങ്ങനെ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ബുദ്ധിമുട്ടുള്ള കേരളത്തിൽ, പാവപ്പെട്ട 500 പേരെ രക്ഷിക്കുന്ന ഒരു സ്ഥാപനം കഴിഞ്ഞ 14 മാസമായി അടച്ചിട്ടിരിക്കുന്നു. എന്നത് ചിന്തിക്കാൻപോലും നിവൃത്തിയില്ലാത്ത കാര്യമാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാനിത് ചൂണ്ടിക്കാണിച്ചിരുന്നതാണ്. അതിന് ശേഷം ഈ പ്രശ്നം മുൻനിർത്തി ചങ്ങനാശ്ശേരിയിൽ ഒരു ബന്ദ് ആചരിക്കുകയുണ്ടായി. തൊഴിലാളികൾ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. ഇന്നും തൊഴിലാളികൾ മാസങ്ങളോളമായി തുടർച്ചയായി സമരപരിപാടിയിലാണ്. നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനമായ റൂബി റബ്ബർ വർക്സിനെ രക്ഷിക്കാൻ ഗവൺമെൻറ് മുന്നോട്ടുവരണം. ഇക്കാര്യത്തിൽ വ്യവസായ മന്ത്രിയും ഗവൺമെൻറും ഒന്നായി നിന്നുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, റൂബി റബ്ബർ വർക്സ് പുനഃസംഘടിപ്പിക്കാൻ നിരവധി ശ്രമങ്ങൾ നടത്തിയിരുന്നു. ഐ. ആർ. ബി. ഐ. യെ സംബന്ധിച്ചു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. റൂബി റബ്ബർ വർക്സിൻെറ മുൻ ഉടമയും അതുപോലെതന്നെ ഒരു പ്രൈവറ്റ് കമ്പനിയും ഇത് പുനരുദ്ധരിപ്പിക്കാൻ മുന്നോട്ടു വന്നിരിക്കുകയാണ്. പക്ഷേ ശ്രീ. മാത്യു മാറാട്ടുകടവും പ്രൈവറ്റ് കമ്പനിയായ കേരള റബ്ബർ ആൻറ് റീ ക്ലെയിംസ് ലിമിറ്റഡ് കമ്പനിയും പിന്നീട് പിൻവാങ്ങുകയുണ്ടായി. അതേത്തുടർന്ന് 19—9—1985—ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ഒരു യോഗം വിളിച്ചുകൂട്ടി അതിനുശേഷം ഐ. ആർ. ബി. ഐ—യെ സഹകരിപ്പിച്ചുകൊണ്ട് കെ. എസ്. ഐ. ഡി. സി, യേയോ അല്ലെങ്കിൽ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനെയോ ഇതു സംബന്ധിച്ച് അധികാരപ്പെടുത്തുവാൻ തീരുമാനിച്ചു. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ അതു പുനരുദ്ധരിപ്പിക്കാൻ ഒരു പദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. ആ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ഉടനെതന്നെ ഐ. ആർ. ബി. ഐ.യെയോ അതിൻെറ ബാക്കായ കാനറാ ബാങ്കിനെയോ അറിയിക്കാമെന്നും 14—3—1986—ൽ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറിനെ അറിയിച്ചിരിക്കുകയാണ്. ഐ. ആർ. ബി. ഐ.യും കാനറാ ബാങ്കും അതു പഠിച്ചു നടപടി എടുക്കുമ്പോഴേക്കും കേരളത്തിലെ തന്നെ ഒരു പൊതുമേഖലാ സ്ഥാപനമായ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ട് ഇത് പുനരുദ്ധരിക്കുവാൻ കഴിയുമെന്നാണ് ഗവൺമെൻറിൻെറ പ്രതീക്ഷ. അതിൽ യാതൊരു അലസതയും ഗവൺമെൻറിൻെറ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കഴിയാവുന്ന എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ് : സർ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഇതേറെടുക്കുന്നതിന് മുന്നോട്ടുവരികയാണെങ്കിൽ അവർക്ക് ചില സഹായങ്ങളും കേരള ഗവൺമെൻറ ചെയ്യേണ്ടതുണ്ട് വ്യവസായവകുപ്പും ഫിനാൻസ് ഡിപ്പാർട്ടുമെൻറുമൊക്കെ ചില സഹായങ്ങളും ചെയ്തു കൊടുക്കണം. എന്നാൽ മാത്രമേ അവർക്കത് ഏറ്റെടുക്കാൻ പറ്റുകയുള്ളൂ. ഈ വിഷയത്തിൽ കേരള ഗവൺമെൻറിൽനിന്ന് എന്തെല്ലാം സഹായം മാർക്കറ്റിംഗ് ഫെഡറേഷന് ഉണ്ടാകുമെന്നുകൂടി പറയണം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, കേരള ഗവൺമെൻറിൻെറ കൂടി സമ്മതത്തോടും അറിവോടും കൂടി തന്നെയാണ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുന്നോട്ടുവന്നതും പദ്ധതികളും രൂപീകരിച്ചതും. എന്തു പ്രോജക്ടാണെന്ന് അറിയുന്നതിനുമുമ്പ് എല്ലാ കാര്യങ്ങളും പറയാൻ കഴിയുകയില്ല. പക്ഷേ ഒരു കാര്യം തീർച്ചയാണ്, ഗവൺമെൻറിൻെറ സഹകരണത്തോടും സഹായത്തോടും പ്രോൽസാഹനത്തോടും കൂടിതന്നെയാണ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുന്നോട്ടുവന്നിട്ടുള്ളത്.

III. സബ്മിഷൻ

(1) പേരാമ്പ്ര ഗവൺമെൻറ് പ്രൈമറി ഹെൽത്ത് സെൻററിലെ പ്രശ്നങ്ങൾ

ശ്രീ. എ. കെ. പത്മനാഭൻ: സർ, പേരാമ്പ്ര ഗവൺമെൻറ് ആശുപത്രിയുടെ ശോച്യാവസ്ഥയിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ രോഗികൾക്ക് ശുദ്ധജലം കിട്ടുന്നില്ല. ബ്ലോക്കാഫീസിലെ ഒരു കിണറിൽ നിന്നാണ് അവിടെ ഇപ്പോൾ വെള്ളം എടുക്കുന്നത്. അവിടെ ആവശ്യത്തിന് കെട്ടിടമില്ല. കേളേജിനുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തുനിന്ന് ഒരു ഏക്കർ സ്ഥലം ഗവൺമെൻറ് വിട്ടു കൊടുത്തെങ്കിലും ഇതുവരെ ആരോഗ്യവകുപ്പ് അത് ഏറ്റെടുത്തിട്ടില്ല. ഡോക്ടർമാർ പരസ്പരധാരണയില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഒരു ഡോക്ടർ അഡ്മിറ്റ് ചെയ്ത രോഗിയെ മറെറാരു ഡോക്ടർ പരിശോധിക്കാത്ത സ്ഥിതിയാണുള്ളത്. ഈ സ്ഥിതിവിശേഷം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സാധാരണ നിലവിലുള്ള ശുദ്ധജലക്ഷാമം അവിടെയില്ലെന്നാണ് എനിക്ക് കിട്ടിയ അറിവ്. കെട്ടിടം കെട്ടുന്ന കാര്യത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, സാമ്പത്തികനില മെച്ചപ്പെട്ടാൽ ഉടൻതന്നെ കെട്ടിടം കെട്ടുന്നതാണ്. 18 കിടക്കകളുള്ള ഒരു കെട്ടിടത്തിന് അംഗീകാരം കൊടുത്തിട്ടുണ്ട്. പണം ഉണ്ടാകുന്നതിനനുസരിച്ച് കെട്ടിടം പണിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly